പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 2076 **26-10-2026-ൽ മറുപടിയ്ക്ക്**

പെരിന്തൽമണ്ണ നിയോജകമണ്ഡലത്തിലെ റേഷൻ കടകൾ

ചോദ്യം ഉന്നയിച്ച അംഗങ്ങൾ **മറുപടി നൽകിയ മന്ത്രി**

ശ്രീ. നജീബ് കാന്തപുരം ശ്രീ. അനുപ് ജേക്കബ്

(ഭക്ഷ്യ - പൊതുവിതരണ വകുപ്പ് മന്ത്രി)

(എ) പെരിന്തൽമണ്ണ നിയോജകമണ്ഡലത്തിൽ നിലവിൽ എത്ര റേഷൻ കടകൾ പ്രവർത്തിക്കുന്നുണ്ട്; ജനസംഖ്യാനുപാതികമായും ദൂരപരിധി കണക്കാക്കിയും മണ്ഡലത്തിൽ പുതിയ റേഷൻ കടകൾ അനുവദിക്കണമെന്ന ആവശ്യം പരിശോധിക്കുമോ;

മറുപടി: 77 റേഷൻ കടകൾ പ്രവർത്തിക്കുന്നു. ജനസംഖ്യയുടെയോ ദൂരപരിധിയുടെയോ അടിസ്ഥാനത്തിൽ സ്വമേധയാ പുതിയ റേഷൻ കടകൾ അനുവദിക്കാറില്ല. എന്നാൽ, ഏതെങ്കിലും പ്രദേശത്തെ ജനങ്ങൾക്ക് പ്രത്യേക സാഹചര്യങ്ങൾ മൂലം റേഷൻ വാങ്ങുന്നതിൽ ഗണ്യമായ ബുദ്ധിമുട്ട് നേരിടുന്നതായി ജനങ്ങൾ, ജനപ്രതിനിധികൾ, അല്ലെങ്കിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ അപേക്ഷയോ, നിവേദനമോ സമർപ്പിക്കുന്ന പക്ഷം, പുതിയ റേഷൻ കട അനുവദിക്കുന്നതിനുള്ള ആവശ്യകത പരിശോധിക്കും .

(ബി) പെരിന്തൽമണ്ണ നിയോജകമണ്ഡലത്തിൽ പുതിയ റേഷൻ കടകൾ അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് നിലവിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്നും ലഭ്യമായ അപേക്ഷകളിന്മേൽ എന്ത് തീരുമാനം ഉണ്ടാകുമെന്നും വിശദമാക്കാമോ;

മറുപടി: പെരിന്തൽമണ്ണ നിയോജകമണ്ഡലത്തിൽ ഏലംകുളം പഞ്ചായത്തിൽ FPS 2053187 നമ്പർ റേഷൻകട നോട്ടിഫിക്കേഷൻ പ്രകാരം അനുവദിച്ചിട്ടുണ്ട്.

പുതിയ റേഷൻ കടകൾക്കായി അപേക്ഷകൾ ലഭ്യമാകുന്ന പക്ഷം ; റേഷൻ കാർഡുകളുടെ എണ്ണം, നിലവിലുള്ള റേഷൻ കടകളിലേക്കുള്ള ദൂരം, പൊതുജനങ്ങൾക്കുള്ള യാത്രാസൗകര്യം, നിലവിലുള്ള കടകളുടെ പ്രവർത്തനക്ഷമത, പ്രദേശത്തെ പൊതുവായ ആവശ്യകത തുടങ്ങിയ ഘടകങ്ങൾ പരിശോധിച്ച് നിലവിലെ ചട്ടങ്ങളും മാനദണ്ഡങ്ങളും പാലിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

(സി) മണ്ഡലത്തിലെ ഏതെങ്കിലും വിദൂര പ്രദേശങ്ങളിലോ പട്ടികജാതി /പട്ടികവർഗ്ഗ ഉന്നതികളിലോ റേഷൻ കടകളുടെ ദൂരം മൂലം ബുദ്ധിമുട്ട് അനുഭവപ്പെടുന്നത് പരിശോധിക്കുന്നതിന് നടപടി സ്വീകരിക്കുമോ; ഇത്തരം പ്രദേശങ്ങളിൽ പുതിയ റേഷൻ കടകൾ ആരംഭിക്കുന്നത് പരിഗണിക്കുമോ?

മറുപടി: മണ്ഡലത്തിലെ ഏതെങ്കിലും വിദൂര പ്രദേശങ്ങളിലോ പട്ടികജാതി /പട്ടികവർഗ്ഗ ഉന്നതികളിലോ റേഷൻ കടകളുടെ ദൂരം മൂലം ബുദ്ധിമുട്ട് അനുഭവപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടാൽ നിലവിലെ ചട്ടങ്ങളും മാനദണ്ഡങ്ങളും പ്രകാരം തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

സെക്ഷൻ ഓഫീസർ